പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ- 3820 19.2.2013-ൽ മറുപടിയ്ക്ക്

## കേരളത്തിലെ കൊലപാതക കേസുകളുടെ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ കൊലപാതക കേസുകളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് നടന്ന കൊലപാതക കേസുകളുടെ അന്വേഷണ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തുകയും സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കുവാനും കുറ്റപത്രം കോടതിയിൽ സമർപ്പിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റിൽ വച്ച് രഘു എന്നയാൾ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് എത്ര പ്രതികൾ അറസ്റ്റിലായിട്ടുണ്ട് ; എത്ര പേർ ഇനിയും അറസ്റ്റിലാകാനുണ്ട് ; | (ബി) രണ്ട് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒരാളെ തിരിച്ചറിഞ്ഞിട്ടി ല്ലാത്തതിനാൽ അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല. |
| (സി) പ്രതികൾ പിടിക്കപ്പെടാതിരിക്കുന്നുവെങ്കിൽ അവരെ പിടികിട്ടാപ്പുള്ളികളായി പ്രഖ്യാപിക്കുമോ ; | (സി) പ്രതികളുടെ പേരു വിവരവും മറ്റും വെളിവായിട്ടില്ലാത്തതിനാൽ പിടികിട്ടാപുള്ളിയായി പ്രഖ്യാപിച്ചിട്ടില്ലാത്തതാണ്. |
| (ഡി) പ്രസ്തുത കേസിൽ പ്രതിയായ പോലീസ് ഉദ്യോഗസ്ഥൻ സർക്കാർ തയ്യാറാക്കിയ പോലീസിലെ ക്രിമിനൽ പട്ടികയിൽ ഇടം നേടിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഡി) പോലീസ് ഉദ്യോഗസ്ഥൻ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടാൽ തയ്യാറാക്കപ്പെടുന്ന ക്രിമിനൽ പട്ടികയിൽ പെരുമ്പാവൂർ പോലീസ് സ്റ്റേഷൻ ക്രൈം. നം. 1652/11 - ാം നമ്പർ കേസിലെ പ്രതിയായ സതീഷ് (CPO 1944, തിരുവനന്തപുരം സിറ്റി എ.ആർ. ക്യാമ്പ്) എന്ന പോലീസുകാരനെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ